കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 23-03-2021

## സർക്കുലർ നം 18

വിഷയം:- ജയിലുകൾ - ജയിൽ ആസ്ഥാനകാര്യാലയം - ഭക്ഷണ - പലവക സാധനങ്ങൾ വാങ്ങുന്നത് - സംബന്ധിച്ച്.

സൂചന:- (1) 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗികരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ മാന്വൽ സെക്ഷൻ 781.
(2) 31/03/2016 തീയതിയിലെ ജി.ഒ. (ആർ.റ്റി) 852/2006/ആഭ്യന്തരം.
(3) 04/05/2017 തീയതിയിലെ സർക്കുലർ നം. 20/17.
(4) 06/01/2021 തീയതിയിലെ ബി2/378/2019/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്.

2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗികരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ മാന്വൽ സെക്ഷൻ 781 അനുസരിച്ച് തടവുകാരുടെ ഭക്ഷണത്തിനുള്ള റേഷൻ സാധനങ്ങൾ സമാഹരിക്കുന്നതിന് സർക്കാർ/അർദ്ധ സർക്കാർ/സഹകരണ മേഖലകളിൽ നിന്നും വാങ്ങാവുന്നതാണ് എന്നും, മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സാധനങ്ങൾ സ്റ്റോർസ് പർച്ചേസ് റൂൾ പ്രകാരം സ്വകാര്യമേഖലയിൽ നിന്നും ലഭ്യമാക്കാമെന്നും നിഷ്കർഷിച്ചിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സൂചന (3) ലെ സർക്കുലർ പ്രകാരം തടവുകാർക്കുള്ള മട്ടൺ, മത്സ്യം മുതലായ ഭക്ഷണ സാധനങ്ങളും വിറക് തുടങ്ങിയ പലവക സാധനങ്ങളും സർക്കാർ/അർദ്ധ സർക്കാർ/ജയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും, വിലക്കുറവും ഗുണനിലവാരവും ഉറപ്പ് വരുത്തി വാങ്ങുന്നതിന് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സൂചന (4) സർക്കാർ കത്തിലെ നിർദ്ദേശത്തെ തുടർന്ന് സൂചന (3) സർക്കുലർ ഭേദഗതി ചെയ്തുകൊണ്ടും, തടവുകാർക്ക് ആവശ്യമായ മട്ടൺ, മത്സ്യം മുതലായ ഭക്ഷണ സാധനങ്ങളും വിറക് തുടങ്ങിയ പലവക സാധനങ്ങളും ഇടനിലക്കാരെ ഒഴിവാക്കി, സർക്കാർ/അർദ്ധ സർക്കാർ/ജയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വിലക്കുറവും ഗുണനിലവാരവും ഉറപ്പ് വരുത്തിയും, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നിഷകർഷിച്ചിട്ടുള്ള ത്രൈമാസ വിലനിരവാരപ്പട്ടിക പരിഗണിച്ചും മേൽപ്പറഞ്ഞ മേഖലകളിൽ ലഭ്യമല്ലാത്ത സാധനങ്ങൾ സ്റ്റോർസ് പർച്ചേസ് റൂൾ പ്രകാരം സ്വകാര്യമേഖലയിൽ നിന്നും സമാഹരിക്കാമെന്നും നിർദ്ദേശിക്കുന്നു. ജയിൽ വകുപ്പിന്റെ വെബ്-സൈറ്റിൽ അപ്-ലോഡ് ചെയ്തിട്ടുള്ള സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നിഷകർഷിച്ചിട്ടുള്ള ത്രൈമാസ വിലനിരവാരപ്പട്ടിക ഇക്കാര്യത്തിനായി പരിഗണിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : CA to DGP
PA to DGP/SFO/SAO/CAO/Accounts Officer/OC